## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 355 — 07.08.2017 — ൽ മറുപടിക്ക്

### ദുർബലവിഭാഗങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, വി.ടി. ബൽറാം<br>,, അനൂപ് ജേക്കബ്<br>,, വി.പി. സജീന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ നിന്നും പുറത്തായ ദുർബലവിഭാഗങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കർമ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പട്ടികയിൽ ഇടംപിടിച്ച അനർഹരെ ഒഴിവാക്കി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ഉൾപ്പെടുത്തുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;<br><br>(സി) എൻഡോസൾഫാൻ ഇരകൾ, ക്യാൻസർ ബാധിതർ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾ എന്നിവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും. മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14.01.11 ലെ സ.ഉ(കൈ)നം. 16/2011/ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ (കൈ) നം.112/12/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളെയും സർക്കാർ ജോലി ഉൾപ്പെടെയുള്ള സ്ഥിര വരുമാനമുള്ളവർ ഒഴികെയുള്ള എല്ലാ പട്ടികജാതി കുടുംബങ്ങളേയും പട്ടികവർഗ്ഗത്തിലെ ക്ലാസ് -IV ജീവനക്കാർ ഉൾപ്പെടെയുള്ള കുടുബങ്ങളേയും പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ